DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

11-10-2018

# കാർഷികമേഖലാവാർത്തകൾ

## വിജയപുരം കൃഷിഭവൻ അറിയിപ്പ്

കോട്ടയം ജില്ലയിലെ വിജയപുരം കൃഷിഭവനിൽ നിലവിൽ കർഷകപെൻഷൻ ലഭിക്കുന്ന കർഷകർ വരുമാന സർട്ടിഫിക്കറ്റും കൈവശാവകാശ സർട്ടിഫിക്കറ്റും ഈ മാസം 31-നകം കൃഷിഭവനിൽ ഹാജരാക്കേണ്ടതാണ്. സാധുവായ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്ത പക്ഷം ലിസ്റ്റിൽ നിന്നും ഇനിയൊരു അറിയിപ്പ് കൂടാതെ നീക്കം ചെയ്യുന്നതാണെന്നും വിജയപുരം കൃഷിഓഫീസർ അറിയിച്ചു.

## കെപ്കോ ഏജൻസികൾക്ക് അപേക്ഷ ക്ഷണിക്കുന്നു

സർക്കാർ സംരംഭമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ ഉത്പാദിപ്പിക്കുന്ന കെപ്കോ ചിക്കനും അനുബന്ധ ഉത്പന്നങ്ങളും വിൽപ്പന നടത്തുന്നതിന് തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ നിലവിൽ ഏജൻസികളില്ലാത്തതും വിൽപ്പന സാധ്യതയുള്ളതുമായ സ്ഥലങ്ങളിൽ പുതിയ ഏജൻസികൾ അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. താത്പര്യമുള്ളവർ സ്വന്തം വിശദാംശങ്ങളും ഏജൻസി തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലവും വ്യക്തമാക്കിക്കൊണ്ട് വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ ഈ മാസം 31-നു മുമ്പ് മാനേജിംഗ് ഡയറക്ടർ, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം എന്ന വിലാസത്തിൽ

അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 7510407930, 9495000915 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## കൂൺ കൃഷി പരിശീലന പരിപാടി

വെള്ളായണി കാർഷികകോളേജ് ഇൻഷ്ട്രക്ഷണൽ ഫാമിൽ ഒക്ടോബർ മാസം 12-ാം തീയതി കൂൺ കൃഷി പരിശീലന പരിപാടി നടത്തുന്നു. താൽപര്യമുള്ളവർ അന്നേ ദിവസം രാവിലെ 10 മണിക്കു വെള്ളായണി കാർഷികകോളേജ് ഇൻഷ്ട്രക്ഷണൽ ഫാം ഓഫീസ്സിൽ എത്തേണ്ടതാണെന്ന് പ്രൊഫസ്സർ&ഹെഡ് അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9446175827 എന്ന നമ്പരിൽ ബന്ധപ്പെടുക.

## ക്ഷീരസംഘം ലാബ് അസിസ്റ്റന്റുമാർക്കുള്ള പരിശീലനം

ഓച്ചിറ ക്ഷീരോൽപ്പന്ന പരിശീലന വികസന കേന്ദ്രത്തിൽ വെച്ച് ഈ മാസം 15 മുതൽ 17 വരെ 3 ദിവസങ്ങളിലായി ക്ഷീരസഹകരണ സംഘം ലാബ് അസിസ്റ്റന്റുമാർക്കുള്ള പരിശീലനം നൽകുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 15 രൂപ. 0476-2698550 എന്ന ടെലഫോൺ നമ്പരിൽ നേരിട്ട് രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്തവർ 15-ാം തീയതി രാവിലെ 10 മണിക്ക് പരിശീലന കേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്.

## കൂൺ കൃഷിയിൽ പരിശീലനം

പത്തനംതിട്ട ജില്ലാ ഐ.സി.എ.ആർ- കൃഷി വിജ്ഞാനകേന്ദ്രം, കാർഡിൽ വച്ച് കൂൺകൃഷി എന്ന വിഷയത്തിൽ തൊഴിലധിഷ്ഠിത പരിശീലനം ഒക്ടോബർ 15 മുതൽ 18 വരെ രാവിലെ 10 മണിമുതൽ നടത്തപ്പെടുന്നതാണ്. പങ്കെടുക്കുന്നതിന് താൽപര്യമുള്ളവർ ഇന്ന് തന്നെ

സീനിയർ സയന്റിസ്റ്റ് ആന്റ് ഹെഡ്, ഐസിഎആർ- കൃഷി വിജ്ഞാന കേന്ദ്രം, കാർഡ്, കോളഭാഗം പി.ഒ. തടിയൂർ, തിരുവല്ല - 689545 എന്ന വിലാസത്തിലോ 8078572094 എന്ന ഫോൺ നമ്പരിലോ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## കാർഷിക വായ്പയും പലിശസബ്സിഡിയും യഥാർത്ഥ കർഷകർക്ക്

പ്രളയം ബാധിച്ച ജില്ലകളിലെ കർഷകരുടെ കാർഷിക വായ്പകൾ പുന:ക്രമീകരിക്കുമെന്ന് കഴിഞ്ഞ തവണ നടന്ന സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി തീരുമാനിച്ചിരുന്നെങ്കിലും കർഷകർക്ക് അപേക്ഷ നൽകുന്നതിനോ ബാങ്കുമായി ബന്ധപ്പെടുന്നതിനോ സമയം ലഭിച്ചിരുന്നില്ല. എന്നാൽ പിന്നീട് നടന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ കാർഷിക വായ്പകൾ പുന:ക്രമീകരിക്കുന്നതിനുള്ള അപേക്ഷകൾ നവംബർ 15-നകം അതാതു ബാങ്കുകളിൽ നൽകിയാൽ മതിയെന്ന് തീരുമാനം ഉണ്ടായി. ഇതിനായി കർഷകർ ബാങ്കുകളിൽ നേരിട്ട് അപേക്ഷ സമർപ്പിക്കേണ്ടതാണ് പ്രളയത്തിനുശേഷം സംസ്ഥാനത്തെ വിവിധ ബാങ്കുകൾ കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ കർഷകരെ അറിയിക്കുന്നതിനും കർഷകരുടെ ആവശ്യങ്ങൾ ചർച്ചചെയ്യുന്നതിനുമായി കർഷകർ, കൃഷി ഉദ്യോഗസ്ഥർ, ബാങ്ക് പ്രതിനിധികൾ എന്നിവരുടെ യോഗങ്ങൾ പഞ്ചായത്ത് തലത്തിൽ എല്ലാ പഞ്ചായത്തുകളിലും ഒക്ടോബർ 31-നകം ചേരുന്നതായിരിക്കും.